SUKUMARAN



പി.എ.ബക്കർ അവതരിപ്പിക്കുന്ന
ചൈതന്യയുടെ

# മാൻപേട

തിരക്കഥ
സംവിധാനം അസീസ്



191

ചൈതന്യ ഫിലിംസ്

# മാൻപേട

ഗാനങ്ങൾ, സംഭാഷണം

ശ്രീകുമാരൻതമ്പി

കഥ

ചന്ദ്രശേഖർ

ഛായാഗ്രഹണം

ഷെരീഫ്

ജയഭാരതി, ജേസി, മുത്തയ്യ,
പ്രേംനവാസ്, ബഹദൂർ etc.

സംവിധാനം

അസ്സീസ്

നിർമ്മാണം

പ്രഭ

ഇതിഹാസ് റിലീസ്

## കഥാസാരം:

പ്രഭാതം പൊട്ടിവിടരുന്ന സമയം ഒരു സുന്ദരിയായ യുവതി തെരുവിലൂടെ ഭയവിഹ്വലയായി ഓടുന്നു. അവളെ പിൻതുടർന്നുകൊണ്ട് മൂന്നു ചെറുപ്പക്കാരും. ആ യുവതി കൂടെക്കൂടെ തിരിഞ്ഞുനോക്കിക്കൊണ്ട് ഓടുകയാണ്.

എന്തിനാണ് അവൾ ഇങ്ങനെ ഭയപ്പെട്ട് ഓടുന്നത്? ആരാണീ ചെറുപ്പക്കാർ?

ആ ചെറുപ്പക്കാരുടെ കൈയ്യിലകപ്പെടുമെന്ന ഘട്ടം, അവൾ കണ്ണിൽപ്പെട്ട ഒരു കാറിൽ കയറി അഭയം പ്രാപിച്ചു. സുന്ദരനായ ഒരു ചെറുപ്പക്കാരന്റേതായിരുന്നു ആ കാർ. കളഞ്ഞുകിട്ടിയ നിധിയുമായി അയാൾ തന്റെ ബംഗ്ലാവിലെത്തി. ഒരായിരം മധുരവികാരങ്ങൾ അയാളിൽ വിടർന്നുവന്നു. പക്ഷെ വേട്ടനായ്ക്കളെപ്പോലെ മണത്തറിഞ്ഞു ആ ചെറുപ്പക്കാർ അവിടെയുമെത്തി. അവിടന്നും അവൾ രക്ഷപ്പെട്ടു.

ഇനി അവൾ എങ്ങോട്ടു പോകും? ആ ചെറുപ്പക്കാരുടെ കൈയ്യിലകപ്പെട്ടാൽ അവളുടെ ഗതിയെന്താകും?

പാഞ്ഞുവരുന്ന ഒരു തീവണ്ടിക്ക് മുമ്പിലൂടെ അവൾ നടന്നു. ഒരു പക്ഷെ മരണമായിരിക്കാം അവളുടെ ലക്ഷ്യം-- തീവണ്ടിയുടെ ഗർജ്ജനം അവഗണിച്ചു, എല്ലാം വിസ്മരിച്ചു, അവൾ നടന്നു. ഒരജ്ഞാതഹസ്തം അവളെ തടഞ്ഞു നിർത്തി. പരവശയായ അവളെ അയാൾ തന്റെ കൂടെകൊണ്ടുപോകുന്നു—അവൾ തന്റെ കഥ ആ ചെറുപ്പക്കാരനോട് തുറന്നു പറയുന്നു.

കരളലിയിക്കുന്ന ആ കഥ കേട്ടപ്പോൾ ആ കവി ഹൃദയം ആർദ്രമായി. അത് ഒരു പുതിയ ബന്ധത്തിന്റെ നാന്ദിയായിരുന്നു. ജീവിതാവസാനംവരെ അവൾക്കഭയം നല്കാമെന്നു അയാൾ വാക്കു കൊടുത്തു.

വേട്ടനായ്ക്കൾ അവിടേയും എത്തി. അവർ അവളെ പിടിക്കുന്നു. അവൾ പൊട്ടിക്കരഞ്ഞു. "എന്നെ രക്ഷിക്കണെ" അവൾ ഉറക്കെ നിലവിളിച്ചു. പക്ഷെ ആ ചെറുപ്പക്കാരൻ നിസ്സഹായനായി നിന്നു. നിറഞ്ഞ കണ്ണുകളോടെ — എന്തുകൊണ്ട് അയാൾക്കവളെ രക്ഷിക്കാൻ, കഴിഞ്ഞില്ല? വേട്ടനായ്ക്കളെപ്പോലെ ഓടിവന്ന ചെറുപ്പക്കാർ ആരായിരുന്നു!--

ഗാനം ഒന്ന്

ഗാനം: ശ്രീകുമാരൻതമ്പി | പാടിയതു്:
സംഗീതം: ബാബുരാജ് | ഇബ്രാഹിം

ഉഷസ്സിന്റെ ഗോപുരങ്ങൾ ഉയർന്നുവല്ലോ.
ഉഷമലരീ നികുഞ്ജം ഉണർന്നുവല്ലോ.

ഉദയത്തിൻ തേരുരുളും
നഭോരഥ വീഥികളിൽ
ഉപവന ജാലകങ്ങൾ തുറന്നുവല്ലോ.
എത്ര മനോഹരീ,
എത്ര ലജ്ജാവതി,
എത്ര വിനീതയീഭൂമി.
വിട പറയുമ്പോൾ
നീല രജനിയാം കാമുകി തൻ
കടമിഴിനനയിച്ച കുളിർമിഴി നീർ
മഴവില്ല് സ്വപ്നംകണ്ട്
മയങ്ങുന്ന തുഷാരമായി
മരതക മണ്ഡപത്തിൻ മകുടങ്ങളിൽ.
എത്ര ഭയങ്കരീ, എത്ര പ്രഭാവതീ
എത്ര പ്രസന്നയീ ഭൂമി.
ഒരു മഞ്ഞുതുള്ളിയായി
പുലരിതൻ ഹൃദയത്തിൽ
ഒരു മാത്രയുതിർന്നു ഞാൻ
അലിഞ്ഞുവെങ്കിൽ
പനിനീരിൻ മണമുണ്ട്
പറക്കുന്ന തെന്നലിന്റെ
പരിരംഭണത്തിലാഴ്ന്നു.
മറഞ്ഞുവെങ്കിൽ
എത്ര നിരഞ്ജിനി
എത്ര നിത്യമയി
എത്ര നിലീനയീ ഭൂമി.

എത്ര ..........ഭൂമി

ഗാനം രണ്ട്

ഗാനം: ശ്രീകുമാരൻതമ്പി
സംഗീതം: ബാബുരാജ്

പാടിയതു്:
രവി, അമ്പിളി

നീല താമര പൂവേ
നിന്നെ നിറകണ്ണുകളാൽ കണ്ടു ഞാൻ
നീല താമര പൂവേ
അരുണോദയത്തിൻ, അന്തഃപുരത്തിൽ
അനർഘ സ്വപ്നപ്രഭയിൽ

(അരുണോ)

ഒരു വർണ്ണ ബിന്ദുവായ്,
നിൻപത്മ തീർത്ഥത്തിൽ
അലിയുവാനെൻ ജീവനാഗ്രഹിച്ചു.
നീയൊരചുംബിത പുഷ്പം
ഞാനൊരു മോഹപതംഗം.

(നീല താമര.......)

എൻ നിഴൽ നോക്കാതെ, എന്നെ അറിയാതെ
എൻ സ്വപ്നരംഗം അണിഞ്ഞൊരുങ്ങി.
എന്തെന്നറിയാതെ കെട്ടിപ്പിടിക്കുവാൻ

(എന്തെ........)

എന്റെ സങ്കല്പം പറന്നുവീണു.

(നീലതാമര...........)

രാത്രിവണ്ടി

Await (1) last week of May—

സൻജയ് പ്രൊഡക്ഷൻസ്

# രാത്രിവണ്ടി (മലയാളം)

കഥ, സംഭാഷണം— **എൻ. ഗോവിന്ദൻകുട്ടി**

ഗാനങ്ങൾ— **പി. ഭാസ്കരൻ**

സംഗീതം— **ബാബുരാജ്**

With top artistes.

(2) September 2nd week

രഞ്ജനയുടെ

# സിന്ദൂരച്ചെപ്പ് (മലയാളം)

കഥ, സംഭാഷണം, ഗാനങ്ങൾ—

**യൂസഫലി കേച്ചേരി**

സംഗീതം— **ദേവരാജൻ**

ഛായാഗ്രഹണം— **യു. രാജഗോപാൽ**

ചിത്രസംയോജനം— **ഋഷികേശ് മുക്കർജി**

സംവിധാനം— **മധു**

താരങ്ങൾ—

**മധു, ജയഭാരതി, മുത്തയ്യ, ബഹദൂർ, ശങ്കരാടി** etc

---

ഇതിഹാസ് റിലീസ്

---